**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 84** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ട്രോളിംഗ് നിരോധനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ദീപക് ജോയ്

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. കെ. ബിനിമോൻ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ട്രോളിംഗ് നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

2026 ലെ ട്രോളിംഗ് നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഫിഷറീസ് വകുപ്പ് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എല്ലാ തീരദേശ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ മെയ് 15 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൺട്രോൾ റൂമുകളുടെ കോണ്ടാക്ട് നമ്പറുകൾ എല്ലാ ഫിഷറീസ് സ്റ്റേഷനുകളിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ട്രോളിംഗ് നിരോധന സമയത്ത് കടൽ രക്ഷാ പ്രവർത്തനങ്ങൾക്കും കടൽ പട്രോളിംഗിനുമായി 9 തീരദേശ ജില്ലകളിലായി 20 സ്വകാര്യ ബോട്ടുകളും, 3 ഫൈബർ വള്ളങ്ങളും വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിക്കുന്നുണ്ട്. ഇതിനുപുറമേ വകുപ്പിന് സ്വന്തമായുള്ള 9 ഫൈബർ വള്ളങ്ങളും സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം, വൈപ്പിൻ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 2 മറൈൻ ആംബുലൻസുകളും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ട്രോൾ ബാൻ കാലയളവിൽ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം പൂർത്തിയാക്കിയ 80 മത്സ്യത്തൊഴിലാളി യുവാക്കളെ ലൈഫ് ഗാർഡുകളായി രക്ഷാ പ്രവർത്തനങ്ങൾക്ക് വേണ്ടി നിയോഗിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ 15 പ്രധാനപ്പെട്ട ഹാർബറുകളിലായി 100 സീ റെസ്ക്യൂസ്ക്വാഡ് മാരെയും നിയമിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പിൻറെയും, മറൈൻ എൻഫോഴ്സ്മെൻറ് വിഭാഗത്തിൻറേയും നേതൃത്വത്തിൽ തുടർച്ചയായി കടൽ പട്രോളിംഗ് നടത്തി സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

2026 ലെ ട്രോളിംഗ് നിരോധനം നടപ്പാക്കുന്നതിനായുള്ള നടപടികൾ തീരുമാനിയ്ക്കുന്നതിനായി 29-05-2026 ന് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു സംസ്ഥാനതല യോഗം കൂടിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ മത്സ്യമേഖലയിലെ വിവിധ ട്രേഡ് യൂണിയനുകളുടെ സംസ്ഥാന നേതാക്കളും, തീരദേശ ജില്ലാ കളക്ടർമാരും, ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും, ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ് എന്നിവയുടെ ഉയർന്ന ഉദ്യോഗസ്ഥരും പങ്കെടുത്തിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ 2026 ലെ ട്രോളിംഗ് നിരോധനം നടപ്പാക്കുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാവരെയും അറിയിക്കുകയും ചെയ്തിട്ടുണ്ട്. 2026 ലെ ട്രോളിംഗ് നിരോധനം കാര്യക്ഷമമായി നടപ്പാക്കുന്നതിനായി ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടെയും മത്സ്യമേഖലയിലെ വിവിധ ട്രേഡ് യൂണിയൻ നേതാക്കളുടെയും മീറ്റിംഗ് ജില്ലാതലത്തിൽ വിളിച്ചുകൂട്ടി ജില്ലാതലത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുകയും ആയവ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. ട്രോൾ ബാൻ 2026 മായി ബന്ധപ്പെട്ട് ഹാർബറുകളിലും ലാൻറിംഗ് സെൻറുകളിലും പ്രവർത്തിയ്ക്കുന്ന ഡീസൽ ബങ്കുകൾ അടച്ചുപൂട്ടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇൻബോർഡ് വള്ളങ്ങൾക്ക് ഡീസൽ ലഭ്യമാക്കുന്നതിന് അതാത് ജില്ലകളിലെ മത്സ്യഫെഡിന്റെ തെരഞ്ഞെടുത്ത ഡീസൽ ബങ്കുകൾ തുറന്ന് പ്രവർത്തിയ്ക്കാൻ അനുവാദം നൽകിയിട്ടുണ്ട്. കടൽ സുരക്ഷയുടെയും, തീര സുരക്ഷയുടെയും

| |
|---|
| ഭാഗമായി കടലിൽ പോകുന്ന എല്ലാ മത്സ്യത്തൊഴിലാളികളും ആധാർ കാർഡ്, ലൈഫ് ജാക്കറ്റ്, ലൈഫ് ബോയെ എന്നിവ കരുതിയിട്ടുണ്ട് എന്ന് യാനമുടമകൾ ഉറപ്പാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഏകീകൃത കളർ കോഡിംഗ് നടത്തിയിട്ടില്ലാത്ത ബോട്ടുകൾ ഈ ട്രോൾ ബാൻ കാലയളവിൽ തന്നെ അടിയന്തിരമായി കളർ കോഡിംഗ് നടത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. യാനങ്ങളുടെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നതിനും, ട്രാൻസ്പോണ്ടർ, TED എന്നിവ ഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതിന് ജില്ലാ ഓഫീസർമാരോടും ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർമാരോടും നിർദ്ദേശിച്ചിട്ടുണ്ട്. മറൈൻ എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനങ്ങൾക്ക് ട്രോൾ ബാൻ കാലയളവിൽ കൂടുതൽ പോലീസുകാരുടെ സേവനം ആവശ്യമായി വന്നാൽ ജില്ലാ ഫിഷറീസ് ഓഫീസർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് അത് അനുവദിച്ച് നൽകുന്നതിന് അതാത് ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>09/06/2026 ന് വൈകുന്നേരത്തോടുകൂടി തന്നെ ട്രോളിംഗ് ബോട്ടുകൾ എല്ലാം കടലിൽ നിന്നും സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റിയിട്ടുണ്ട് എന്ന് മറൈൻ എൻഫോഴ്സമെൻറും കോസ്റ്റൽ പോലീസും ഉറപ്പാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ട്രോളിംഗ് നിരോധനം ലംഘിക്കുന്ന ട്രോൾ ബോട്ടുകൾക്കെതിരെ കർശന ശിക്ഷാ നടപടി സ്വീകരിയ്ക്കാൻ തീരദേശ ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രോൾ ബാൻ കാലയളവിൽ ഇൻബോർഡ് വള്ളങ്ങളോടൊപ്പം ഒരു കാരിയർ വള്ളം മാത്രമേ അനുവദിയ്ക്കുകയുള്ളൂ എന്നും ആയത് മറൈൻ എൻഫോഴ്സ്മെന്റ് ഉറപ്പാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ട്രോൾ ബാൻ കാലയളവിൽ കടൽ രക്ഷാ പ്രവർത്തനങ്ങൾ വേണ്ടിവരുമ്പോൾ ഫിഷറീസ് വകുപ്പ്, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവർ ഏകോപനത്തോടെ പ്രവർത്തിയ്ക്കണം എന്ന് തീരുമാനിച്ചിട്ടുണ്ട്. അടിയന്തിര സാഹചര്യത്തിൽ രക്ഷാ പ്രവർത്തനം നടത്താൻ ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ് എന്നിവർ സജ്ജമായിരിയ്ക്കണം എന്ന് ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നീ സുരക്ഷാ ഏജൻസികളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ട്രോളിംഗ് നിരോധന കാലത്തു തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യതൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| |

**(ബി)** ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനത്ത് 1988 മുതൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തി വരുന്നുണ്ട്. ആദ്യകാലങ്ങളിൽ 47 ദിവസമാണ് നിരോധനം ഏർപ്പെടുത്തിയിരുന്നതെങ്കിൽ 2018 മുതൽ 52 ദിവസമാക്കി ട്രോളിംഗ് നിരോധന കാലയളവ് ഉയർത്തിയിട്ടുണ്ട്. യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങൾക്കാണ് പ്രധാനമായും നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇത് ബാധകമല്ല. ട്രോളിംഗ് നിരോധന കാലത്തു തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യതൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യതൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4,500/- രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിൽ 1,500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും, 1,500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും, 1,500/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. ഈ വർഷത്തെ 1500/- രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**(സി)** ട്രോളിംഗ് നിരോധന കാലയളവിൽ ഇതര ഉപജീവനമാർഗ്ഗങ്ങൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** ട്രോളിംഗ് നിരോധന കാലത്തു തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. വകുപ്പ്

നടപ്പിലാക്കിവരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യതൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4,500/- രൂപ ധനസഹായം നൽകുന്നുണ്ട്.

ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്കായി ഇതര ഉപജീവന മാർഗ്ഗങ്ങൾ ലഭ്യമാക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യ ശീലം പ്രോത്സാഹിപ്പിക്കുക, പഞ്ഞ മാസങ്ങളിൽ അവരുടെ ജീവസന്ധാരണത്തിന് സഹായകമാകുക എന്നീ ഉദ്ദേശത്തോടെ മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടപ്പിലാക്കിവരുന്നു. 1,500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും, 1,500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും, 1,500/- രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പെടുത്തികൊണ്ട് ആകെ 4500/-രൂപ മൂന്ന് ഗഡുക്കളായി ഗുണഭോക്താക്കൾക്ക് നൽകിവരുന്നു. ഈ വർഷത്തെ 1500/- രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം മൂലം കടലിൽ പോകരുതെന്നുള്ള മുന്നറിയിപ്പ് കാരണവും ട്രോളിംഗ് നിരോധന സമയത്തും തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നതുമായി ബന്ധപ്പെട്ട് ഒരാൾക്ക് ഒരുവർഷം 1350/- രൂപ നിരക്കിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത FIMS ID ഉള്ള മത്സ്യത്തൊഴിലാളി / അനുബന്ധതൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് ധനസഹായം നൽകി വരുന്നു

**സെക്ഷൻ ഓഫീസർ**